# കേരള സർവകലാശാല

നം.പി.ആർ.56/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2019 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി പ്രാക്ടിക്കൽ (2008 സ്കീം) മാർച്ച് 22 ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷ

2019 മാർച്ച് 18 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.എ.എൽ.എൽ.ബി – ബി.കോം.എൽ.എൽ.ബി – ബി.ബി.എ.എൽ.എൽ.ബി (ഇന്റഗ്രേറ്റഡ് പഞ്ചവത്സരം) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 2 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 സെപ്റ്റംബറിൽ നടത്തിയ മൂന്നാം വർഷ എം.ബി.ബി.എസ്, പാർട്ട് I (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2019 മാർച്ച് 30 വരെ അപേക്ഷിക്കാം.

### ടൈംടേബിൾ

2019 ഏപ്രിൽ 22 മുതൽ ആരംഭിക്കാനിരുന്ന മൂന്നാം സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി (2013 സ്കീം) പരീക്ഷകൾ ഏപ്രിൽ 26 ന് ആരംഭിക്കുന്നതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

2019 മേയിൽ ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ എം.സി.എ (2011 സ്കീം – 2011 & 2012 അഡ്മിഷൻ മാത്രം), ഏപ്രിലിൽ ആരംഭിക്കുന്ന ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ എം.സി.എ (2011 സ്കീം – 2011 അഡ്മിഷൻ മാത്രം) മേഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴ കൂടാതെ ഏപ്രിൽ 1 വരെയും 50 രൂപ പിഴയോടെ ഏപ്രിൽ 8 വരെയും 125 രൂപ പിഴയോടെ ഏപ്രിൽ 12 വരെയും അപേക്ഷിക്കാം. പരീക്ഷാഫിസിനു പുറമേ മേഴ്സി ചാൻസ് ഫീസായി 2000 രൂപയും, ക്യാമ്പ് ഫീസായി 200 രൂപയും അടയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. ഒന്ന്, രണ്ട്,

മൂന്ന്, നാല് സെമസ്റ്റർ എം.സി.എ മേഴ്സിചാൻസ് പരീക്ഷകളുടെ രജിസ്ട്രേഷൻ 2019 മാർച്ച് 18 മുതൽ ആരംഭിക്കുന്നതാണ്.

## ചെക്കുകൾ കൈപ്പറ്റാം

ബി.ടെക്/ബി.എ/ബി.എസ്.സി/ബി.കോം/എം.എ/എം.എസ്.സി/എം.കോം/ഐ.ഡി.ഇ റീവാല്യുവേഷൻ, റെമ്യൂണറേഷൻ & റ്റി.എ/ഡി.എ ബില്ലുകളുടെ പേയ്മെന്റ് ഓൺലൈൻ വഴിയാക്കുന്നതിനോട് അനുബന്ധിച്ച് ഇതുവരെ ചെക്കുകൾ കൈപ്പറ്റാതിരുന്ന അദ്ധ്യാപകരുടെ പേരുവിവരങ്ങളും, തുകയും, പരീക്ഷയുടെ പേരും അടങ്ങിയ ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ചെക്കുകൾ കൈപ്പറ്റുന്നതിലേക്കായി പ്രസ്തുത അദ്ധ്യാപകർ തിരിച്ചറിയൽ രേഖകളുമായി JR I (EXAM) സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്. (0471 – 2386281)

## ഡോ.കെ.എൻ പൈ മെമ്മോറിയൽ ക്വിസ് മത്സരം

സർവകലാശാലയുമായി അഫിലിയേഷനുള്ള കോളേജുകളിലേയും ഡിപ്പാർട്ട്മെന്റുകളിലേയും വിദ്യാർത്ഥികൾക്കായി ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ്, ഡോ.കെ.എൻ പൈ മെമ്മോറിയൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. 2019 മാർച്ച് 20 ന് തിരുവനന്തപുരം പി.എം.ജിയിലുള്ള കേരള സർവകലാശാലയുടെ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവിസസിൽ വച്ച് നടത്തുന്ന ഈ മത്സരത്തിൽ പങ്കെടുക്കാൻ പേരുകൾ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ അതാത് കോളേജ് പ്രിൻസിപ്പലിന്റെ കത്തിനോടൊപ്പം കോളേജ് തിരിച്ചറിയൽ കാർഡുമായി രാവിലെ 9.00 മണിക്ക് രജിസ്റ്റർ ചെയ്ത് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. ഓരോ സ്ഥാപനത്തിൽ നിന്നും രണ്ട് പേരടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471 2302923, 811989221, 9946842426

തിരുവനന്തപുരം
16-03-2019

പബ്ലിക് റിലേഷൻസ് ഓഫീസർ